ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM

DATE:20.04.2026

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ദക്ഷിണ കൊറിയൻ പ്രസിഡന്റുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി; ഉഭയകക്ഷി ബന്ധം ശക്തമാക്കുന്നത് ലക്ഷ്യമിട്ട് നാല് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

2. പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിൽ ; പരസ്യ പ്രചാരണം നാളെ അവസാനിക്കും.

3. പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും, രാജ്യത്തുടനീളം ഗാർഹിക എൽ.പി.ജി വിതരണം സുഗമമെന്ന് കേന്ദ്രസർക്കാർ.

4. അമേരിക്കയുമായി രണ്ടാം ഘട്ട സമാധാന ചർച്ചകൾക്ക് തയ്യാറല്ലെന്ന് ഇറാൻ.

5. സംസ്ഥാനത്ത് ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; 12 ജില്ലകളിൽ മഞ്ഞ ജാഗ്രത; ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ വേനൽ മഴയ്ക്ക് സാധ്യത.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും.

***********************************

RNU TVPM

## പ്രധാനമന്ത്രി - ലീ ജെയ് മ്യുങ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെയ് മ്യുങ്ങുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ദക്ഷിണ കൊറിയയും വിവിധ മേഖലകളിലെ നാല് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. ഇന്തോ-പസഫിക് മേഖലയുമായി ബന്ധപ്പെട്ട് ഇരു രാജ്യങ്ങളും പൊതുവായ കാഴ്ചപ്പാട് പങ്കിടുന്നതായി പ്രധാനമന്ത്രി സംയുക്ത വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**********************************

## പശ്ചിമ ബംഗാൾ തിരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിൽ ആദ്യ ഘട്ട വോട്ടെടുപ്പിന് രണ്ടു ദിവസം ശേഷിക്കെ പ്രചാരണം ഊർജിതം. ഈ മാസം 23 നാണ് ആദ്യഘട്ട വോട്ടെടുപ്പ്. രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 29 നും നടക്കും.

RNU TVPM

**********************************

## തമിഴ്നാട് തിരഞ്ഞെടുപ്പ്

തമിഴ്നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ. പരസ്യപ്രചാരണം നാളെ അവസാനിക്കും. തമിഴ്നാട്ടിൽ ഒറ്റഘട്ടമായി വ്യാഴാഴ്ചയാണ് വോട്ടെടുപ്പ് നടക്കുക. കേരളം, അസം, തമിഴ്നാട് , പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ മെയ് നാലിനാണ് വോട്ടെണ്ണൽ.

**********************************

## കോഴിക്കോട് - റിട്ടേണിംഗ് ഓഫീസർ

കോഴിക്കോട് പേരാമ്പ്ര മണ്ഡലത്തിലെ ജെ.ഡി.ടിയിലെ സ്ട്രോങ്ങ് റൂം തുറന്നെന്ന വാർത്ത തെറ്റാണെന്ന് പേരാമ്പ്ര റിട്ടേണിംഗ് ഓഫീസർ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എൻകോർ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി, പോളിങ് രേഖകൾ സൂക്ഷിച്ച സീൽ ചെയ്യാത്ത മുറിയാണ് സ്ഥാനാർത്ഥികളുടെ ഏജന്റുമാരുടെ സാന്നിധ്യത്തിൽ തുറന്നതെന്നും റിട്ടേണിങ് ഓഫിസർ വ്യക്തമാക്കി. സംഭവത്തിൽ കോഴിക്കോട് UDF സ്ഥാനാർഥികൾ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി.

************************************

## അച്ചപ്പാസ് ആൽബം

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ചലച്ചിത്ര വികസന കോർപറേഷൻ്റെ 'അച്ചപ്പാസ് ആൽബം' എന്ന മലയാള ഫാന്റസി ചിത്രം വെള്ളിയാഴ്ച തീയറ്ററുകളിൽ പ്രദർശനത്തിനെത്തും. കൊച്ചി ഫോറം മാളിലെ PVR INOX ൽ നാളെ പ്രത്യേക പ്രദർശനമുണ്ടാകും. ടൈം-ട്രാവൽ പ്രമേയമാക്കി കാലത്തിലൂടെയും ഓർമ്മകളിലൂടെയുമുള്ള യാത്ര അവതരിപ്പിക്കുന്നതാണ് സിനിമ.

RNU TVPM

************************************

## അന്തർ മന്ത്രാലയ യോഗം ( ഇൻട്രോ)

പശ്ചിമേഷ്യയിലെ പ്രതിസന്ധിക്കിടയിലും, രാജ്യത്തുടനീളം ഗാർഹിക എൽ.പി.ജി വിതരണം സുഗമമായി നടക്കുന്നുണ്ടെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയ സെക്രട്ടറി സുജാത ശർമ. ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ യോഗത്തിനു ശേഷം

വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ.
( വോയിസ് ..... )

**********************************

## <u>ഇറാൻ - അമേരിക്ക</u>

അമേരിക്കയുമായി രണ്ടാം ഘട്ട സമാധാന ചർച്ചകൾക്ക് തയ്യാറല്ലെന്ന് ഇറാൻ. ഹോർമുസ് കടലിടുക്കിൽ ഇറാന്റെ ചരക്ക് കപ്പൽ അമേരിക്ക പിടിച്ചെടുത്തതിന് പിന്നാലെ, ചർച്ച നടത്താൻ പദ്ധതിയില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് അറിയിച്ചു. അനുമതിയില്ലാതെ ഹോർമുസിലൂടെ കടന്നു പോകുന്ന വാണിജ്യ കപ്പലുകൾ ആക്രമിക്കുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകി.

RNU TVPM

**********************************

## <u>കണ്ണൂർ - സോളാർ പ്ലാന്റ് (ഇൻട്രോ)</u>

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റ് നിർമ്മാണം പൂർത്തിയായി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയിസ്)

**********************************

## <u>ഇടമലക്കുടി റേഷൻ</u>

സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലെ റേഷൻ വിതരണത്തിലെ ക്രമക്കേടിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അടിയന്തിര റിപ്പോർട്ട് നൽകി. ഭക്ഷ്യ മന്ത്രിയുടെ

നിർദ്ദേശാനുസരണം ഇടുക്കി ഇടമലക്കുടിയിലെ റേഷൻ കടകളിൽ നേരിട്ട് പരിശോധന നടത്തി. ക്രമക്കേട് കണ്ടെത്തിയ റേഷൻകടകളുടെ അംഗീകാരം സസ്പെന്റ് ചെയ്യുകയും റേഷൻ വിതരണത്തിനായി ബദൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതായി മന്ത്രി അറിയിച്ചു.

***********************************

## വാൽപ്പാറ-കൗൺസിലിംഗ്

വാൽപ്പാറ ദുരന്ത ബാധിതർക്ക് കൗൺസിലിംഗ് നൽകുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ വിനയ് ഗോയലിൻറെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്നു. ദുരന്ത ബാധിതർക്ക് ഗുണനിലവാരമുള്ള കൗൺസിലിംഗ് ഉറപ്പുവരുത്തണമെന്ന് കളക്ടർ നിർദ്ദേശിച്ചു. മാനസിക പ്രയാസം നേരിടുന്നവർക്ക് 75 93 84 36 25 എന്ന നമ്പറിലും ദിശ ടോൾ ഫ്രീ നമ്പറായ 10 56 ലും 14 416 എന്ന ടെലിമനസ് നമ്പറിലും ബന്ധപ്പെടാം.

RNUTVPM

***********************************

## അഞ്ചരക്കണ്ടി-ബി.ഡി.എസ് വിദ്യാർത്ഥി

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജിലെ ബി.ഡി.എസ് വിദ്യാർഥി നിതിൻ രാജിൻ്റെ കുടുംബം കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ എത്തി. മകന്റെ മരണത്തിന് ഉത്തരവാദികളായവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കണമെന്ന് നിതിൻ രാജിന്റെ പിതാവ് പറഞ്ഞു.

***********************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

************************************

## സൈബർ തട്ടിപ്പ്

വിവോ , iQ സ്മാർട്ട് ഫോൺ ഉപയോക്താക്കളെ ലക്ഷ്യമിട്ട് സൈബർ തട്ടിപ്പ്. യഥാർത്ഥ ഒ എസ് അപ്ഡേറ്റ് എന്ന വ്യാജേന സന്ദേശങ്ങൾ അയച്ച് മാൽവെയറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിലൂടെ ബാങ്കിംഗ് വിവരങ്ങൾ ചോർത്തുന്നതാണ് തട്ടിപ്പിൻറെ രീതിയെന്ന് കേരള പോലീസിന്റെ സൈബർ സുരക്ഷാ വിഭാഗം അറിയിച്ചു. തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന ഹെൽപ്പ്ലൈൻ നമ്പറിൽ പരാതി നൽകേണ്ടതാണ്.

RNU TVPM

************************************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 ന് അഹമ്മദാബാദിലാണ് മത്സരം.

************************************

## തൃശൂർ പൂരം (ഇൻട്രോ)

പൂരങ്ങളുടെ പൂരമായ തൃശൂർ പൂരം കൊടിയേറി. തൃശൂർ നഗരത്തിന് ഇനി പൂരാവേശത്തിന്റെ നാളുകൾ. ഈ മാസം 25 ന് പൂര വിളംബര ചടങ്ങുകൾ നടക്കും. **വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.**

**( വോയിസ്...)**

***********************************

## കേരളം - താപനില

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഇടുക്കി , വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. പാലക്കാട് ജില്ലയിലാണ് ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത്. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ക്ലാസുകൾ നിർത്തിവയ്ക്കാൻ കളക്ടർ ഉത്തരവിട്ടു. പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ചൂട് കൂടുമ്പോൾ ഇഴജന്തുക്കൾ പുറത്തിറങ്ങാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം.

RNU TVPM

***********************************

## ഇടിമിന്നൽ

സംസ്ഥാനത്ത് ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇടിമിന്നൽ ജാഗ്രതാ നിർദേശം പുറത്തിറക്കി. ഇടിമിന്നൽ സാധ്യത അറിയാൻ കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയ 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

************************************

## ഓഹരി – സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 27 പോയിൻറ് ഉയർന്ന് 78,520 ലും ,നിഫ്റ്റി 11 പോയിൻറ് നേട്ടത്തിൽ 24,365 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,880 രൂപയും ഗ്രാമിന് 14,235 രൂപയുമാണ് ഇന്നത്തെ വില.

************************************

## മേയർ - വി.വി രാജേഷ്

തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് കൂടുതലായുണ്ടാകുന്ന സ്ഥലങ്ങൾ പ്രത്യേകം ശ്രദ്ധ നൽകി ശുചീകരിക്കുമെന്ന് മേയർ വി.വി രാജേഷ്. മഴക്കാല പൂർവ്വ ശുചീകരണം സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം തള്ളുന്നത് തടയാൻ സ്കോഡ് പരിശോധന കർശനമാക്കിയതായും മേയർ വ്യക്തമാക്കി.

RINU TVPM

************************************

## സിവിൽ സർവീസ് പരീക്ഷ

സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിലുള്ള കിലെ ഐ.എ.എസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരീക്ഷയുടെ പരിശീലനത്തിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് kile.kerala.gov.in / kileiasacademy എന്ന വെബ്സൈറ്റ് സന്ദർശിക്കുക

************************************

## വേനൽക്കാല ട്രെയിൻ സർവീസ്

വേനൽക്കാലത്ത് രാജ്യവ്യാപകമായി പ്രത്യേക ട്രെയിൻ സർവ്വീസ് അനുവദിച്ച് ഇന്ത്യൻ റെയിൽവേ. ഈ വർഷം ഏപ്രിൽ 15 മുതൽ ജൂലൈ 15 വരെയുള്ള മൂന്ന് മാസ കാലയളവിൽ, ആകെ 908 പ്രത്യേക ട്രെയിനുകൾ അനുവദിച്ചതായും 18,262 വേനൽക്കാല സർവീസുകൾ ഉറപ്പാക്കിയതായും റെയിൽവേ അറിയിച്ചു.

**********************************

## യുവ ആപ്ദ മിത്ര

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും മേര യുവ ഭാരതും ചേർന്ന് നടപ്പാക്കുന്ന 'യുവ ആപ്ത മിത്ര' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനപരിപാടിക്ക് തുടക്കമായി. ഈ മാസം 26 വരെ നടക്കുന്ന ക്യാമ്പിൽ 250 പേർക്കാണ് പരിശീലനം നൽകുക.

********************************************************************************

**********************************************************

RNU TVPM